CODE : ML9201

# ഒന്നാം പാദവാർഷിക മൂല്യനിർണയം -2017

47/417/2017

## മലയാളം

## അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ് IX

സമയം :1½ മണിക്കൂർ

ആകെ സ്കോർ : 40

---

**പൊതുനിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

1. താഴെ കൊടുത്തിരിക്കുന്നവയിൽ 'ഹരിതമോഹനം' എന്ന കഥയ്ക്ക് അനുയോജ്യമല്ലാത്തത്?

   i). നഗരജീവിതത്തിന്റെ അസ്വാതന്ത്ര്യം

   ii) മണ്ണിനോടും പ്രകൃതിയോടുമുള്ള ഇഴയടുപ്പം

   iii) ഫ്ളാറ്റിലെ താമസക്കാർ തമ്മിലുള്ള സൗഹൃദം

   iv) പരിസ്ഥിതിയെക്കുറിച്ചുള്ള പ്രത്യാശ — 1

2. താഴെക്കൊടുത്ത മാതൃകയ്ക്ക് സമാനമായതേത്?

   ഇറങ്ങി+പോയി = ഇറങ്ങിപ്പോയി

   i). അടിയിട

   ii) നാലതിര്

   iii) ആയിരമടി

   iv) തടിക്കഷണം — 1

3. "രണ്ടു തുള്ളിച്ചുടുനീർ നിൻ <u>കറുപ്പാർന്ന</u>
   നെഞ്ചത്തു വീണുപോൽ........ "

   - അടിവരയിട്ട പ്രയോഗം നൽകുന്ന സൂചനയെന്ത് ? — 1

4. "പണ്ടൊരു കാട്ടിലെ കാട്ടാളനാണലർ
   ച്ചെണ്ടുളവാം കൊമ്പൊടിച്ചുകുത്തി "

   - കൊമ്പൊടിച്ചുകുത്തി എന്ന പ്രയോഗം എന്തിനെയാണ് സൂചിപ്പിക്കുന്നത് ? — 1

5. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.

   വരണ്ട ഭൂമിയെ മഴ കുളുർപ്പിക്കുന്നു.
   ശുഷ്കിച്ച ചോലകളെ കൊഴുപ്പിക്കുന്നു.
   താഴ്ന്ന പ്രദേശങ്ങളെ പ്രളയജലത്തിൽ ആറാടിക്കുന്നു. — 2

6. " തീരെ ഉറക്കം വരുന്നില്ലെന്നു മനസ്സിലായപ്പോൾ
വെളിച്ചമിടാതെ ഞാനെഴുന്നേറ്റ് പുറത്തേക്കു നടന്നു.
ടെറസ്സിൽ പോയി എന്റെ വൃക്ഷത്തൈകൾക്കിടയിൽ
നിന്നു.അപ്പുറത്ത് മഹേന്ദ്രന്റെയും ഗീതയുടെയും
കിടപ്പുമുറിയുടെ ദ്വാരം വരെ വർത്തമാനപത്രം തിരുകി
അടച്ചിരിക്കുന്നത് ഞാൻ കണ്ടു. സങ്കടങ്ങൾ താങ്ങാനാവാതെ
ചെടികൾക്കിടയിൽ ഞാൻ കുത്തിയിരുന്നു."
-കഥാസന്ദർഭം പരിഗണിച്ച് നഗരജീവിതം സംബന്ധിച്ച രണ്ടു സൂചനകൾ കണ്ടെത്തിയെഴുതുക. 2

7. • സൊസൈറ്റിയിലെ ആൾക്കാർ ഭക്ഷണം തയ്യാറാക്കാൻ <u>പോയി.</u>
• അക്കാര്യം അയാൾ അവനോട് <u>പറഞ്ഞുപോയി.</u>
- അടിവരയിട്ട പദങ്ങളുടെ പ്രയോഗവ്യത്യാസം വ്യക്തമാക്കുക. 2

8. " കൂടുതൽ വേഗത്തിൽ ചരിക്കേണ്ടി വരുന്ന മൃഗത്തിന് വേഗക്കൂടുതൽ സ്വായത്തമാകുന്നു എന്ന പരിണാമത്തിന്റെ പാഠമാണ് അപ്പോൾ ഓർക്കുക" ആഷാമോനോനെ ഈയൊരു ഓർമ്മയിലേക്കു നയിച്ച സന്ദർഭം വ്യക്തമാക്കുക. 2

**9 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (അരപ്പുറം, ഓരോന്നിനും 4 സ്കോർ വീതം)**

9. "മഹാനഗരത്തിൽ താമസിക്കുന്നതിനിടെ മണ്ണന്വേഷിച്ച് പോകേണ്ടി വരുമ്പൊഴേ മണ്ണ് കിട്ടാനില്ലാത്തതിന്റെ സങ്കടം ബോധ്യമാകൂ."-
മണ്ണിനോടും പ്രകൃതിയോടുമുള്ള മലയാളിയുടെ ഇന്നത്തെ കാഴ്ചപ്പാട് വിലയിരുത്തി ഒരു മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക. 4

10. "കമ്പം പിടിച്ചൊരു പൂമ്പുലരിക്കെന്തൊ-
രിമ്പമാമുറ്റത്തു നൃത്തമാടാൻ
അമ്പിളിക്കീറിന്നു പോകുവാനുണ്ടഴ
ലംബരത്തിണ്ണയിൽ പറ്റിനിന്നൂ."
- കവിതാസന്ദർഭം വിശകലനം ചെയ്ത് പ്രയോഗഭംഗി കണ്ടെത്തി കുറിപ്പു തയാറാക്കുക. 4

11. "സഞ്ചാരം ഭൂപ്രദേശങ്ങളിലേക്കു മാത്രമല്ലെന്നും മനുഷ്യരുടെയും പ്രകൃതിയുടെയും സൂക്ഷ്മഭാവങ്ങളിലേക്കു കൂടിയാണെന്നും വ്യക്തമാക്കുന്ന പാഠഭാഗമാണ് ഒറ്റയ്ക്കു പൂത്തൊരു വാക"- ലേഖകന്റെ യാത്രാനുഭവങ്ങളെ മുൻ നിർത്തി ഈ വാക്യത്തിന്റെ സാധുത വ്യക്തമാക്കുന്ന കുറിപ്പു തയാറാക്കുക. 4

12. • "ദുർബലമായ മാനസികഘടനയുള്ള ഭർത്താവിനെ മനസ്സിലാക്കിവച്ചിട്ടുള്ള സ്ത്രീകൾ ഇത്തരം സന്ദർഭങ്ങളിൽ പുറത്തെടുക്കുന്ന ആ നിശ്ശബ്ദനോട്ടം സുമന എന്നെയും നോക്കി."

"ഇല്ലായ്മയുടെ നിരാശകൾ പങ്കുവച്ചിട്ടുള്ളതല്ലാതെ
സുമന ഒരിക്കലുമെന്നെ കുറ്റപ്പെടുത്തിയിട്ടില്ല."
- സുമന എന്ന കഥാപാത്രത്തിന് 'ഹരിതമോഹനം' എന്ന കഥയിലെ സ്ഥാനം കണ്ടെത്തി കുറിപ്പു തയാറാക്കുക.

13. • ആദ്യമായ് കാണുന്ന രാമച്ചിയെ മല്ലിക അദ്ഭുതത്തോടെ നോക്കി. ആകാശത്തു നിന്നും മരങ്ങൾക്കിടയിലൂടെ ഒരു വെള്ളച്ചാട്ടം വരുന്നു. തല്ലിത്തല്ലി വരുന്ന വെള്ളത്തിനിടയ്ക്ക് പാറക്കുറിഞ്ഞിയുടെ നീലപ്പൂവുകൾ നിലകിട്ടാതെ വിറയ്ക്കുന്നു. വെള്ളച്ചാട്ടത്തിന്റെ കരയ്ക്ക് പൂത്തുനിൽക്കുന്ന കൊളിവലമരങ്ങളിൽ നിന്ന് നീറ്റിലേക്ക് വീണ് ഒഴുകിവരുന്ന കടും മഞ്ഞപ്പൂവുകൾ കണ്ടപ്പോൾ അകത്തുള്ളയാൾ എന്തിനോ പിടഞ്ഞു

-രാമച്ചി (കഥ)

"മനുഷ്യന്റെ പാദസ്പർശമേറ്റിട്ട് വളരെ നാളായ വനഭൂമി തന്നെയായിരുന്നു അവിടം. ചിരഞ്ജീവികളെപ്പോലെ തോന്നിച്ച വൃക്ഷങ്ങൾക്ക് ചുവടെ സൂര്യവെളിച്ചം ഇറ്റിറ്റായാണ് വീണത്. പരിക്കേൽക്കാത്ത ഒരു ആവാസവ്യൂഹത്തിന്റെ ഗന്ധം മനസ്സിലേക്കു പരന്നു.വൃക്ഷസാന്ദ്രമായ ആ കാടകം എന്തൊക്കെയോ മാന്ത്രിക്കുന്നതു പോലെ".

- ആഷാമേനോൻ

-വായനക്കാർക്ക് വാങ്മയചിത്രങ്ങൾ സമ്മാനിക്കുന്നതിൽ ഇരു സാഹിത്യകാരന്മാരും കാണിച്ചിരിക്കുന്ന രചനാപരമായ സവിശേഷതകൾ കണ്ടെത്തി കുറിപ്പു തയാറാക്കുക. 4

**14 മുതൽ 16 വരെ ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക.(ഒരു പുറം,സ്കോർ 6)**

14. "നഗരത്തിൽ താമസിക്കേണ്ടി വരുന്ന ഒരു പ്രകൃതിസ്നേഹി അനുഭവിക്കുന്ന സംഘർഷങ്ങൾ ഭംഗിയായി ആവിഷ്കരിക്കാൻ 'ഹരിതമോഹനം' എന്ന കഥയ്ക്ക് സാധിക്കുന്നു." - ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കഥാനിരൂപണം തയാറാക്കുക. 6

15. "കുളിച്ചുകയറിയപ്പോൾ കുറേ പേരയ്ക്ക കിട്ടി. ശുദ്ധമായ കനിയുടെ സ്വാദ് ഒന്നു കടിച്ചപ്പോൾ തന്നെ തിരിച്ചറിഞ്ഞു.അങ്ങനെ വിശ്രമിക്കുമ്പോൾ കാടിന്റെ സാരമത്രയും സന്നിഹിതമായൊരു ദൃശ്യം ഓർമ്മിച്ചു.ഒറ്റയ്ക്ക് പൂത്തു നിൽക്കുന്നൊരു വാകമരം. പൂക്കളല്ല, ജ്വാലകളാണ് അതിൽ നിറഞ്ഞതൊന്നു തോന്നും.അല്ലെങ്കിൽ, വൃക്ഷത്തിന്റെ ജ്വാലകളാണ് പൂക്കളെന്ന സത്യം വെളിപ്പെടുത്തുന്നെന്നോണം അതിനു പിറകിൽ നീലവിഹായസ്സാണ്."

- ലേഖകന്റെ അനുഭവങ്ങളും ഗദ്യഭാഷയുടെ സൗന്ദര്യവും ഈ ഭാഗത്ത് ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക. 6

16. 'ഒരു കവിത രചിക്കുന്ന പ്രക്രിയയെ പനിനീർച്ചെടി നട്ടുവളർത്തുന്നതുമായി തുലനം ചെയ്തുകൊണ്ടാണ് ' നാലിതൾപ്പൂവ് ' എന്ന കവിത വികസിക്കുന്നത്. കൂട്ടുകാരുടെ പ്രതികരണത്തിൽ നിരൂപകന്മാരുടെ ശൈലി പ്രതിഫലിക്കുന്നുണ്ട്. തുടക്കക്കാരന്റെ സാഹിത്യപരിശ്രമത്തിന് ലഭിക്കേണ്ട പ്രോത്സാഹനത്തിനു പകരം അവഗണനയാണ് കവിക്ക് നേരിട്ടത് - ഈ നിരീക്ഷണങ്ങൾ 'നാലിതൾപ്പൂവ' എന്ന കവിതയിലെ ഉചിത സന്ദർഭങ്ങളുമായി ചേർത്ത് പരിശോധിച്ച് പ്രതികരണക്കുറിപ്പ് തയാറാക്കുക.

6

********************